ശ്രീ. കെ. ശിവദാസൻ: ഒരാളും മരിച്ചതായി എനിക്കറിയില്ല; അങ്ങനെ ഒരു കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: നേമത്ത് ഒരു ഹരിജൻ യുവാവിനെ വ്യാജവാറുമായി ബന്ധപ്പെട്ടതിന്റെ പേരിൽ എക്സൈസുകാർ അറസ്റ്റുചെയ്തു കൊല ചെയ്തതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ശിവദാസൻ: ഇപ്പോൾ എന്റെ ശ്രദ്ധയിൽപ്പെട്ടില്ല. പരാതി ലഭിച്ചിട്ടുണ്ടോയെന്നുള്ളത് പരിശോധിച്ച് മാത്രമേ പറയാൻ കഴിയുകയുള്ളൂ.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ഐ. ആർ. ഡി. പി. യുടെ ഗുണഭോക്താക്കൾ

ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ

*455 [485] ശ്രീ. പി. സീതിഹാജി:
,, പി. എം. അബൂബക്കർ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. കെ. കെ. ബാവ:
,, എ. വി. അബ്ദുറഹിമാൻഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംയോജിത ഗ്രാമവികസന പദ്ധതിയുടെ ഗുണഭോക്താക്കളും മഹിളാസംഘങ്ങളും നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ എന്തെങ്കിലും സ്ഥിരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ഈ ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ ഒരുക്കുവാൻ ഒരു സംസ്ഥാന തല മാർക്കറ്റിംഗ് നിലവിലുണ്ട്.

(ബി) തിരുവനന്തപുരത്ത് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളാ റൂറൽ ഡവലപ്പ്മെൻറ് ആൻറ് മാർക്കറ്റിംഗ് സൊസൈറ്റി (കേരംസ്).

ചെറുകിട പരിമിത കർഷകരെ സഹായിക്കാൻ പദ്ധതി

*456 [486] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി):
ശ്രീമതി പി. ദേവൂട്ടി:
ശ്രീ. കെ. പി. അരവിന്ദാക്ഷൻ:
,, ടി. കെ. ആറുമുഖൻ:
,, ജി. വരദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly